# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5114 — 27/07/2015 -ൽ മറുപടിക്ക്

## 'ദേശീയ സ്കൂൾമീറ്റ് വിഭജനം'

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. പി.സി. ജോർജ് | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | ദേശീയ സ്കൂൾ മീറ്റ് വിഭജിക്ക (ആൺ-പെൺ) പ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ദേശീയ സ്കൂൾ മീറ്റുകൾ നടത്തുന്നതിനുള്ള സമയക്രമവും മീറ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട പൊതുവായ തീരുമാനങ്ങളും തീരുമാനിയ്ക്കുന്നത് സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ വച്ചാണ്. സ്കൂൾ ഗെയിംസ് നടത്തിപ്പിന്റെ പൂർണ്ണ അധികാരി സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇൻഡ്യ ആണെന്നതിനാൽ അവിടെ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ മാത്രമേ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് കഴിയുകയുള്ളൂ. |
| (ബി) | ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ; | (ബി) ഒന്നിച്ച് നടത്താനുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവമാണ് മൽസരങ്ങൾ രണ്ടായി നടത്താൻ SGFI യെ നിർബന്ധിതമാക്കിയത്. ഇതിൽ ഇടപെടുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനു കഴിയില്ല. |
| (സി) | പ്രസ്തുത തീരുമാനം നടപ്പാക്കിയാൽ കേരളത്തിന് തിരിച്ചടിയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(................2)

**(ഡി)**

| | |
|---|---|
| പെൺകുട്ടികളുടെ മികവിലാണ് കഴിഞ്ഞ കുറെ വർഷങ്ങളായി കേരളം ദേശീയ സ്കൂൾ കിരീടം നേടി വരുന്നതെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ ? | **(ഡി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. SGFI യുടെ തീരുമാനം മാറ്റുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് സാധിക്കുകയില്ല. ഭൗതിക സാഹചര്യങ്ങളുടെ കുറവാണ് രണ്ട് മൽസരങ്ങളും രണ്ടായി നടത്തുന്നതിന് പ്രേരകമായത്. |

Sinthe

**സെക്ഷൻ ഓഫീസർ**